**കുളങ്ങൾ**

തൃശ്ശൂരിൽനിന്നും എറണാകുളം റോഡിലൂടെ തെക്കോട്ടുപോകുമ്പോൾ കുറിയച്ചിറ ഇറക്കം കഴിഞ്ഞ് ഒല്ലൂർ എത്തുന്നതോടെ ഒരു വളവുണ്ട്. ഈ വളവിന്റെ തെക്കുഭാഗത്താണ് ചീരാച്ചിക്കുളം. ഈ കുളം ശക്തൻ തമ്പുരാൻ നിർമ്മിച്ചതാണെന്ന് പഴമക്കാർ പറയുന്നത്. തൃശ്ശൂരിലെ വടക്കേച്ചിറയോളം നീളവും വീതിയും ഉണ്ടായിരുന്ന ഒരു വലിയ കുളമായിരുന്നു ഇത്. കുളത്തിന്റെ സിംഹഭാഗവും നികത്തിക്കഴിഞ്ഞു. നികത്തിയ ഭാഗത്ത് ഒരു ചെറിയ പാർക്കും കമ്മ്യൂണിറ്റി ഹാളും സ്ഥാപിച്ചിട്ടുണ്ട്. കുളം വൃത്തികെട്ട് ഉപയോഗശൂന്യമായി കിടക്കുകയാണ്.

മണ്ണുത്തിക്കടുത്തുള്ള ഒല്ലൂക്കരയിൽ പാട്ടുകുളം , കുതിരക്കുളം, അരുവടിക്കുളം, കല്ലുകുളം എന്നീ കുളങ്ങൾ ഉണ്ടായിരുന്നു. ഈ കുളങ്ങളിൽ കല്ലുകുളം മൂടിപ്പോയി. മറ്റുകുളങ്ങൾ കൃഷിക്കും കന്നുകാലികൾക്കും വേണ്ടിയാണ് ഉപയോഗിച്ചിരുന്നത്. മണ്ണുത്തി നല്ലെങ്കര ദേശത്ത് എലുവത്തിങ്കൽ ഡേവിസിന്റെ വീട്ടിൽ മുറ്റത്ത് ഒരു വലിയ ആമ്പൽക്കുളം ഉണ്ട്. ഈ കുളത്തിൽ വളരെയധികം മീനുകളെ വളർത്തുന്നു. ഇവരുടെ വീട്ടിനു വെളിയിലൂടെ ഒഴുകുന്ന ചാലിൽനിന്നും ഇപ്പോഴും ഈ കുളത്തിലേക്ക് വെള്ളം ഒഴുകുന്നുണ്ട്. കുളക്കോഴികളുടെ നീന്തൽക്കുളം തന്നെയാണിത്. ആദ്യകാലത്ത് ഈ കുളത്തിൽനിന്നാണത്രേ കൃഷിക്ക് വെള്ളം എടുത്തിരുന്നത്.

കുർക്കഞ്ചേരിഭാഗത്ത് ഒരു വലിയ കുളം ഉപയോഗ ശൂന്യമായി കിടക്കുന്നുണ്ട്. "പടത്തലക്കുളം" എന്നാണ് ഈ കുളത്തിന്റെ പേര്. ഈ കുളത്തിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ലഭിച്ചിട്ടില്ല.

**വഞ്ചിക്കുളം**

പൂത്തോൾ വഞ്ചിക്കുളത്തിനെക്കുറിച്ച് പറയുകയാണെങ്കിൽ ഈ കുളം തൃശ്ശൂരിന്റെ പണ്ടത്തെ വാണിജ്യപ്രാധാന്യമുള്ള ഒരു വഞ്ചിക്കടവ് ആയിരുന്നു. ഈ വഞ്ചിക്കുളം അരണാട്ടുകര, വട്ടൂക്കര, തൃപ്രയാർ, കണ്ടശ്ശാംകടവ് വഴിയാണ് പോകുന്നത്. അതിൽക്കൂടി തന്നെയാണ് കൊച്ചി, കോട്ടയം എന്നിവിടങ്ങളിലേക്കും ചരക്കുകൾ കയറ്റിക്കൊണ്ടുപോയിരുന്നത്. പടിഞ്ഞാറുനിന്നും തൃശ്ശൂർക്ക് ഇത്തിൾ, മണൽ, കുമ്മായം, ഉപ്പ് മുതലായവയും തൃശ്ശൂർനിന്നും കശുവണ്ടി, ചക്ക, മാങ്ങ, ഫർണിച്ചർ, സാധനങ്ങൾ തുടങ്ങിയവ അങ്ങോട്ടും കൊണ്ടുപോയിരുന്നു. തൃപ്രയാർ പാലം, കണ്ടശ്ശാംകടവ് പാലം, മുപ്ളിയംപാലം എന്നീ പാലങ്ങൾ വന്നതിനുശേഷമാണ് ഈ വഞ്ചിക്കടവിന് പ്രാധാന്യം ഇല്ലാതായത്. രണ്ടുലക്ഷം പേരുടെ ഉപജീവനമാർഗ്ഗമായിരുന്നു വഞ്ചിക്കുളം.

കുട്ടുവഞ്ചികളും ചങ്ങാടങ്ങളുമായിരുന്നു അധികഭാഗവും. 40 വഞ്ചികളോളം ഒരു ദിവസം യാത്രചെയ്യുമായിരുന്നു. ഇങ്ങനെ വഞ്ചിയിൽ കൊണ്ടുവന്നിരുന്ന ചരക്കുകൾ കാളവണ്ടിയിലും ഉന്തുവണ്ടിയിലുമാണ് കൊണ്ടുപോയിരുന്നത്. വഞ്ചിയിൽ ചരക്കുകൾ കൊണ്ടുവരുമ്പോൾ ഒരാഴ്ചവേണ്ടിവരും വഞ്ചിക്കടവിലേക്കെത്തുവാൻ. അരണാട്ടുകര

ഒരു കടവാരം ഉണ്ടായിരുന്നു. ഇവിടെയാണ് മുൻസിപ്പാലിറ്റിയുടെ വഞ്ചിപ്പിരിവ് നടത്തിയിരുന്നത്. ഒരുവഞ്ചിക്ക് ഒരണയാണ് വാങ്ങിച്ചിരുന്നത്.

ചെട്ടിക്കുളം: ഇന്നത്തെ വടക്കേ ബസ് സ്റ്റാന്റ് സ്ഥിതിചെയ്യുന്ന റോഡിന്റെ പടിഞ്ഞാറേ വശത്തുള്ള ഭാഗം ഒരു ചെറിയ കുളമായിരുന്നു. ഏകദേശം അഞ്ചോ, ആറോ പടവുകൾ ഉണ്ടായിരുന്നു. സ്ത്രീകൾക്കും പുരുഷന്മാർക്കും വേറെ വെറേ കടവുകൾ ഉണ്ടായിരുന്നു. അന്ന് താഴ്ന്ന ജാതിക്കാരും ഭിക്ഷക്കാരും മറ്റും ആ കുളത്തിലാണ് കുളിച്ചിരുന്നത്. ആ കുളത്തിനു സമീപം ഒരു പോലീസ് ഔട്ട്പോസ്റ്റും സ്ഥാപിതമായി. കാലക്രമത്തിൽ ബസ് സ്റ്റാന്റിൽ കൂടുതൽ ബസ്സുകൾ തങ്ങുവാൻ സൗകര്യം ഉണ്ടായതുകൊണ്ടും കുളത്തിന്റെ സൗകര്യം കുറഞ്ഞതുകൊണ്ടും ആ കുളം നികത്തി അവിടെ ബസ് ഷെഡും പാർക്കിങ്ങ് സൗകര്യങ്ങളും വന്നു. തൃശ്ശൂർ ടൗണിൽ വാട്ടർ സപ്ലൈ തുടങ്ങിയതിനാൽ പട്ടണത്തിന്റെ പലഭാഗങ്ങളിലും പൈപ്പുകൾ സ്ഥാപിച്ചു. പ്രത്യേക പാർപ്പിട സൗകര്യം ഇല്ലാത്തവർ പൈപ്പുകളുടെ സമീപമാണ് കുളിയും മറ്റും ചെയ്യുന്നത്.

**വീടുകളിൽ കുളങ്ങൾ**
ടൗണിന്റെ എല്ലാ ഭാഗങ്ങളിലും സ്ഥലസൗകര്യം ഉള്ളവീടുകളിൽ കിണറുകൾ കൂടാതെ ചെറിയ കുളങ്ങളും ഉണ്ടായിരുന്നു. ആ വീട്ടുകാരും അവരുടെ അനുവാദത്തോടുകൂടി അയൽപ്പക്കക്കാരും പരിചയക്കാരും ആ കുളങ്ങളിൽ കുളിയും തുണികൾ അലക്കുകയും മറ്റും ചെയ്തിരുന്നു. ടൗണിൽ വാട്ടർ സപ്ലൈ വന്നതുകൊണ്ടും ആ കുളങ്ങൾ നികത്തുകയായിരുന്നു ചെയ്തത്. പീച്ചിയിൽനിന്നുള്ള വെള്ളം പലപ്പോഴും മുടങ്ങിപ്പോയപ്പോഴാണ് കുളങ്ങളും കിണറുകളും നികത്തിയത് തെറ്റായിപ്പോയി എന്ന് അവർക്ക് ബോദ്ധ്യമായത്.

വളർക്കാവ് ദുർഗ്ഗാക്ഷേത്രകുളം

വളർക്കാവ് ദുർഗ്ഗാക്ഷേത്രത്തിനു മുൻപിൽകാണുന്ന കുളം കൊച്ചിരാജാവാണ് പണികഴിപ്പിച്ചത്.

ആ കുളം ആ ഭാഗത്തെ "റിസർവോയർ"(തടാകം) ആണ്. ആ ഭാഗത്തുള്ള കിണറുകൾ ഒന്നും തന്നെ വറ്റാറില്ല. വറ്റാതിരിക്കുവാൻ കാരണം കുളത്തിൽ നിറയെ ജലമുള്ളതുകൊണ്ടാണ്. ആ കുളം പൂർത്തിയാക്കുവാൻ 5 പറ കുടകിന്റെ പണി വേണ്ടിവന്നു. പണ്ട് കുളം കുത്തുന്നവർക്ക് ഭക്ഷണം നൽകിയിരുന്നു. ആ ഭക്ഷണത്തിലേക്കായി ദിവസവും അല്പം കടുക് ആവശ്യമായി വരുമല്ലോ. അങ്ങനെ അല്പാല്പമായി അഞ്ചുപറ കടുക് തീർന്നപ്പോഴാണ് കുളം പൂർത്തിയായത്. പണ്ടുകാലത്തെ കോട്ടകൾ, പാലങ്ങൾ, കുളങ്ങൾ ഇവയുടെ നിർമ്മാണം പറഞ്ഞിരുന്നത് മേല്പറഞ്ഞ കടുകിന്റെ കണക്കിലായിരുന്നു.

ക്ഷേത്രക്കുളത്തിലേക്ക് ആനയെ ഇറക്കുവാനായി ഒരു ചെരിച്ചുവെട്ടിയ വഴിയുണ്ട്. ആനക്ക് വെള്ളം കൊടുക്കുവാനും കുളിപ്പിക്കുവാനും ഈ കുളം

ഉപയോഗിച്ചിരുന്നതിനാൽ "ആനതടാകം" എന്ന പേരും ഈ കുളത്തിനുണ്ട്. ആ വഴിയുടെ മധ്യത്തിലായി ഒരു സ്തൂപം കാണാം. ആനകളെ തളക്കാനുള്ള "കല്ല്" ആണ് ഈ സ്തൂപം എന്ന് ചിലർ പറയുന്നു. മഴക്കാലത്ത് ജലനിരപ്പ് കൃത്യമായി മനസ്സിലാക്കാനാണ് ഈ സ്തൂപമെന്ന് മറ്റുചിലർ അനുമാനിക്കുന്നു. കുളങ്ങളും മറ്റും പണിയുമ്പോൾ ഇങ്ങനെ സ്തൂപം നിർമ്മിക്കൽ പതിവുണ്ടെന്നാണ് ചിലർ പറയുന്നത്. ആനകളെ ഇറക്കുന്ന വഴിയുടെ തുടക്കം ഇന്ന് ഒരു മതിലാണ്.

10-ാം ഡിവിഷനിൽ (മുക്കാട്ടുകര) രണ്ടുമൂന്ന് കുളങ്ങൾ ഉണ്ടായിരുന്നു. ഇതിൽ രണ്ടുകുളങ്ങൾ നികത്തി ഫ്ളാറ്റുകൾ പണിതു. പിന്നെയുള്ള കുളം മലിനജലത്താൽ നാശമായിക്കൊണ്ടിരിക്കുകയാണ്. അരുകിൽ പോർക്കിനെ വളർത്തുന്നതും കുളങ്ങൾ നാശമാകുവാൻ കാരണമാകുന്നു.

**ഇലഞ്ഞിക്കുളം**

വലിയ ഇലഞ്ഞിമരങ്ങൾ ഇതിന്റെ കരയിൽ നിൽക്കുന്നതുകൊണ്ടാണ് ഇതിനെ ഇലഞ്ഞിക്കുളം എന്നുപറയുന്നത്. 1928-ൽ കൊച്ചി മഹാരാജാവിന്റെ സ്മരണയ്ക്കായ് ഈ കുളം പുനരുദ്ധാരണം ചെയ്തു.

തമ്പുരാൻ കുളവും തമ്പുരാട്ടി കുളവും

കേരളവർമ്മ കോളേജിനോടനുബന്ധിച്ച് തമ്പുരാന്റെ സ്മാരകവും നാലുകെട്ടും കൊട്ടാരവും ഉണ്ട്. നാലുകെട്ടിന്റെ പടിഞ്ഞാറുഭാഗത്ത് ഒരു കുളം ഉണ്ട്. തമ്പുരാട്ടി കുളിക്കുന്ന കുളം എന്നാണ് ഇതിന്റെ പേര്. പണ്ട് ഈ കുളത്തിൽ തമ്പുരാട്ടി മാത്രമേ കുളിക്കാറുണ്ടായിരുന്നുള്ളൂ.

തമ്പുരാന് കുളിക്കുവാൻ വേറേ കുളം ഉണ്ട്. ഈ കുളത്തിന് തമ്പുരാൻ കുളിക്കുന്ന കുളം എന്നാണ് പേര്.

**ആനക്കുളം**

ഒല്ലൂക്കരയിൽ ആനക്കുളം എന്നുപേരായ ഒരു വലിയ കുളം ഉണ്ട്. ഈ കുളത്തിനെ ഒല്ലൂർക്കുളം എന്നും പഴമക്കാർ വിളിക്കാറുണ്ട്. പണ്ടുകാലത്ത് ആനകളെ ഈ കുളത്തിൽ കുളിപ്പിച്ചിരുന്നതുകൊണ്ടാണ് ആനക്കുളം എന്നപേർ വന്നത്. ഈ കുളത്തിൽ നിന്നാണ് അടുത്തുള്ള പാടങ്ങളിലേക്ക് കൃഷിക്കാവശ്യമായ വെള്ളം ഉപയോഗിച്ചിരുന്നത്. ചെറിയ ചാലുകൾ വഴിയാണ് വെള്ളം എടുത്തിരുന്നത്. ഈ കുളത്തിലെ വെള്ളം വറ്റാറില്ല. കന്നുകാലികൾക്കും മനുഷ്യർക്കും വേറെ വേറെ കടവുകൾ ഉണ്ടായിരുന്നു. ഈ കുളത്തിന്റെ ചെറിയ ഒരു ഭാഗം ഒല്ലൂക്കര അമ്പലക്കുളമായി ഉപയോഗിച്ചുവരുന്നു. 100 കൊല്ലത്തിൽ കൂടുതൽ പഴക്കമുണ്ട് ഈ കുളത്തിന്.

**വെള്ളാന്റെ കുളം**

മുല്ലക്കരയിൽ വെള്ളാന്റെ കുളം എന്ന പേരിൽ ഒരു കുളം ഉണ്ട്. ഈ കുളം പണ്ട് വെള്ളായൻ കോനാർ എന്ന വീട്ടുകാരുടെ കുളമായിരുന്നു. അതുകൊണ്ടാണ് ഈ കുളത്തിന് ഇങ്ങനെ പേര് വന്നത്. മാരിയമ്മൻ കോവിലിലെ ഉത്സവത്തിന് കരകം കോരുക എന്നൊരു ചടങ്ങുണ്ട്. അതിന് ഈ കുളത്തിൽ മുങ്ങിയാണ് കുംഭത്തിൽ വെള്ളം എടുക്കുക (കരകം കോരുക). ജാറത്തിന്റെ അടുത്തുള്ളവരും ഈ കുളമാണ് ഉപയോഗിച്ചിരുന്നത്. എന്തെങ്കിലും വിഷമം ഉണ്ടാകുമ്പോൾ ഈ കുളത്തിൽ മുങ്ങി ഈറനോടെ വന്ന് പള്ളിയിൽ പ്രാർത്ഥിച്ചാൽ വിഷമം മാറും എന്നാണ് വിശ്വാസം. ഈ കുളത്തിനടുത്ത് ഒരു കിണർ കുഴിച്ചിട്ടുണ്ട്. ഈ കിണറ്റിലെ വെള്ളമാണ് തട്ടിള മുതലാളിയുടെകാലത്ത് റബർ എസ്റ്റേറ്റിലേക്ക് ഉപയോഗിച്ചിരുന്നത്. ഇപ്പോഴും ആ കിണർ ഉപയോഗിക്കുന്നുണ്ട്. ഒരിക്കലും വറ്റാത്ത വലിയ കുളമായിരുന്നു വെള്ളന്റെ കുളം. ബൈപാസ് റോഡ് വന്നപ്പോൾ കുളം ചെറുതായിത്തീർന്നു. ഇപ്പോൾ ഈ കുളം യൂണിവേഴ്സിറ്റിയുടേതാണ്. ഈ കുളത്തിന് താഴെയുള്ള പ്രദേശത്തെ പാടങ്ങളിലേക്ക് കൃഷിക്കാവശ്യമായ വെള്ളം ഈ കുളത്തിൽ നിന്നുമാണ് എടുത്തിരുന്നത്.

**കുണ്ടുകുളം.**

ഒല്ലൂക്കരയിൽ (മണ്ണുത്തി) പെട്രോൾ പമ്പിന് തൊട്ടു പിന്നിൽ കുണ്ടുകുളം എന്നുപേരായ ഒരു കുളം ഉണ്ടായിരുന്നു. ഈ കുളത്തിന് നല്ല കുണ്ട് (താഴ്ച) ഉണ്ടായിരുന്നതുകൊണ്ടാണ് കുണ്ടുകുളം എന്ന് വിളിക്കപ്പെടുന്നത്. അടുത്തകാലത്ത് ഈ കുളം ആരും ഉപയോഗിക്കാതെയായി. അതുകൊണ്ട് ഇത് മണ്ണിട്ടുനികത്തി.

**പാറക്കുളം**

മുല്ലക്കരയിലുള്ള ആനക്കൊട്ടിലിൽ പാറ വെട്ടിയുണ്ടാക്കിയ വലിയ ഒരു കുളമുണ്ട്. പാറക്കുളം എന്നാണ് ഇതിനെ പറയുക. പഴയകാലത്തും ഇപ്പോഴും അതിനടുത്തുതാമസിക്കുന്നവർ കൃഷിക്കും മറ്റു വീട്ടാവശ്യങ്ങൾക്കും ഈ കുളമാണ് ഉപയോഗിക്കുന്നത്. ഈ കുളത്തിലെ വെള്ളം വറ്റാറില്ല. പടവുകൾ കെട്ടിയിട്ടുണ്ട്. ഈ കുളം കൂടാതെ മനകളിലും അമ്പലങ്ങളിലും കുളങ്ങൾ ഉണ്ട്.

**ഇരട്ടച്ചിറക്കുളം**

കുറുപ്പത്ത് ഇക്കാവമ്മക്കുവേണ്ടി കൊച്ചി രാജകുടുംബത്തിലെ ഇളയതമ്പുരാൻ പണിതുകൊടുത്തതാണ് (ഇക്കാവമ്മക്ക് മാത്രം കുളിക്കുവാൻവേണ്ടി) ഈ കുളം. ആ കുളത്തിന്റെ മധ്യഭാഗത്തുകൂടി ഒരു വലിയ ചിറ കെട്ടിയിട്ടുണ്ടായിരുന്നു. അതാണ് ഇരട്ടച്ചിറക്കുളം.

**കിണറുകൾ**

മുൻസിപ്പൽ കോർപ്പറേഷന്റെ തെക്കേ സെന്ററിൽ ഒരു കിണർ ഉണ്ടായിരുന്നു.

പട്ടാളം റോഡ് വഴിക്ക് ആർ.എം.എസിന്റെ മുൻവശത്ത് ഒരു കിണർ ഉണ്ടായിരുന്നു. കൊക്കാല റോഡിന്റെ സെന്ററിൽ ഒരു കിണർ ഉണ്ടായിരുന്നു.

ജോസ് തിയ്യറ്ററിന്റെ മുന്നിൽ ഒരു കിണർ ഉണ്ടായിരുന്നു.

ചെട്ടിയങ്ങാടിയിൽ നിന്ന് നാരങ്ങാ ഗോഡൗണിന്റെ നടുവിൽ ഒരു കിണർ ഉണ്ടായിരുന്നു.